## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1251 13.12.2012- ൽ മറുപടിക്ക്**

**പയ്യോളി പഞ്ചായത്തിൽ വേനൽ മഴയിലുണ്ടായ നാശത്തിന് നഷ്ടപരിഹാരം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ദാസൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | പയ്യോളി പഞ്ചായത്തിൽ വേനൽ മഴയിലുണ്ടായ നാശനഷ്ടത്തിന് പരിഹാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ; | (എ) | പയ്യോളി ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ വേനൽ മഴയിൽ വീടു തകർന്നുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരമായി അപേക്ഷകരായ 66 ഗുണഭോക്താക്കൾക്ക് 6,33,600/- രൂപയുടെ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | നാശനഷ്ടം സംഭവിച്ചവർക്ക് എന്ത് നഷ്ടപരിഹാരം ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ദുരന്ത നിവാരണ നിധി (State Disaster Response Fund) യിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി നാശനഷ്ടങ്ങൾക്ക് ജില്ലാ കളക്ടർമാർ വഴി ധനസഹായം ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ